**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3717** **15-07-2022 - ൽ മറുപടിയ്ക്ക്**

**കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 13.02.1993-ൽ സർവ്വീസിലിരിക്കെ മരണപ്പെട്ട ഹെഡ് കോൺസ്റ്റബിൾ സി.കെ. വിശ്വനാഥന്റെ (എച്ച്.സി. 1531) വിധവ ഗീത (ചോഴിയത്തോട് വീട്, കണ്ണംപരിയാരം, മങ്കര) കുടുംബ പെൻഷനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മരണപ്പെട്ട ഹെഡ് കോൺസ്റ്റബിൾ സി.കെ. വിശ്വനാഥന്റെ (എച്ച്.സി 1531) സർവീസ് ബുക്ക് നഷ്ടപ്പെട്ടതിനാൽ ആയത് ടിയാൻ ജോലി നോക്കിയ യൂണിറ്റുകളിൽ നിന്നും രേഖകൾ ശേഖരിച്ച് പുനഃനിർമ്മിക്കുന്നതിനും, പുനഃനിർമ്മിച്ച സർവീസ് ബുക്ക് അനുബന്ധ രേഖകൾ സഹിതം അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുന്നതിനും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലിൽ (എ.6(9)-1177723/2021/പി.എച്ച്.ക്യു.) നടപടി സ്വീകരിച്ച് അടിയന്തരമായി കുടുംബ പെൻഷൻ അനുവദിക്കുമോ എന്നറിയിക്കാമോ? | (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലിൽ (എ6(9)-1177723/2021/പി.എച്ച്.ക്യൂ) ടിയാന്റെ കുടുംബപെൻഷൻ അനുവദിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ